പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2066 **26-10-2026-ൽ മറുപടിയ്ക്ക്**

മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി .എം. എ. സമീർ

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

മറുപടി നൽകിയ മന്ത്രി

ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

മറുപടി: പരിഗണനയിലുണ്ട്.

(ബി) മുൻഗണനാ കാർഡിനുള്ള മാനദണ്ഡങ്ങൾ പുതുക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കാൻ സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ;

മറുപടി: ഉണ്ട്. മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

(സി) മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

മറുപടി: മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച 18.09.2017-ലെ സ.ഉ.(സാധാ) നം.320/2017/ഭ.പൊ.വി.വ. ഉത്തരവ്, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ